ഉത്തരം

(എ ആന്റ് ബി) വ്യാപകമായ തോതിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട കേസുകൾ ചില ജില്ലകളുടെ തീരപ്രദേശങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വർഷം ജനുവരി മുതൽ ഈ രോഗങ്ങൾ മൂലം മരിച്ചവരുടെ കണക്ക് ചുവടെ ചേർക്കുന്നു:

(1) ഡെങ്കിപ്പനി .. 2

(2) മലേറിയ .. 5

(സി) ഡെങ്കിപ്പനി പരത്തുന്നത് ഈഡിസ് വർഗ്ഗത്തിൽപ്പെട്ട കൊതുകുകളാണ്. ഈ കൊതുകുകൾ മുട്ടയിട്ടു വളരുന്നത് ചെറിയ ജലശേഖരങ്ങളിൽ ആകയാൽ അവ ഇല്ലാതാക്കുകയാണ് ഫലപ്രദമായ മാർഗ്ഗം എന്ന നിലയ്ക്ക് കൊതുകിന്റെ പ്രജനന സ്ഥലങ്ങളെ നശിപ്പിക്കുന്നു. പുറമേയുള്ള ഫോഗിംഗ്, കുത്താടി മത്സ്യത്തെ നിക്ഷേപിക്കൽ, ആരോഗ്യ വിദ്യാഭ്യാസം എന്നിവയും നടത്തുന്നു.

മലമ്പനി നിയന്ത്രണത്തിനായി രക്ത പരിശോധനയും ചികിത്സയും ഊർജ്ജിതപ്പെടുത്തി. കൂടാതെ കൊതുകു നിയന്ത്രണവും നടത്തിവരുന്നു. മലമ്പനി രോഗബാധ കൂടുതലായി കാണുന്നിടത്ത് സിന്തറ്റിക് പൈറത്രോയിഡ് തളിച്ച് കൊതുകു നശീകരണം നടത്തുന്നു.

(ഡി) നിലവിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ തികച്ചും തൃപ്തികരമാണ്.

പാലക്കാട് ജില്ലയിൽ പകർച്ചവ്യാധികൾ തടയാൻ നടപടി

148 [973] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ടൈഫോയിഡ്, വയറിളക്കം, കോളറ തുടങ്ങിയ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ട പി.എച്ച്.സി.-കളിലെ ആരോഗ്യ പ്രവർത്തകരുടെയും ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) കൊപ്പം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ വരുന്ന ചില ഭാഗങ്ങളിലും പാലക്കാട് മുനിസിപ്പാലിറ്റിയിലെ ചില പ്രദേശങ്ങളിലുമാണ് ഈ വർഷം ടൈഫോയിഡ് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. വയറിളക്ക് രോഗങ്ങൾ കുഴൽമന്ദം ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിൽ കൂടുതലായും മറ്റു ചില പഞ്ചായത്തുകളിലും റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി.

മേൽപ്പറഞ്ഞ രോഗങ്ങളും മറ്റു പകർച്ചവ്യാധികളും പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുകയുണ്ടായി. ടൈഫോയിഡ് ബാധിച്ച് കൂടുതൽ ആളുകൾ ചികിത്സ തേടിയെത്തിയ കൊപ്പം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ടൈഫോയിഡ് രോഗനിർണ്ണയത്തിനായിട്ടുള്ള വൈഡാൽ ടെസ്റ്റ് നടത്താനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചികിത്സക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒ.പി., ഐ.പി. വിഭാഗങ്ങളിൽ ചികിത്സ നൽകിവരികയും കൂടാതെ മെഡിക്കൽ ക്യാമ്പുകൾ ടൈഫോയിഡ്, കോളറ ബാധിത പ്രദേശങ്ങളിൽ നടത്തുകയും മരുന്നുവിതരണം നടത്തുകയും ചെയ്തു. വയറിളക്കം കോളറ ബാധിച്ച പ്രദേശങ്ങളിലും മറ്റെല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും ഒ.ആർ.എസ്സും ചികിത്സക്കാവശ്യമായ മരുന്നുകളും ഐ.വി. ഫ്ളൂയിഡുകളും ലഭ്യമാക്കിയിട്ടുണ്ട്. കുടിവെള്ളം വഴി പകരുന്ന രോഗങ്ങളായതുകൊണ്ട് കുടിവെള്ള സ്രോതസ്സുകളിലെ വെള്ളത്തിന്റെ സാമ്പിൾ കോഴിക്കോട്ടുള്ള പബ്ലിക് ഹെൽത്ത് ലാബറട്ടറിയിലേക്ക് അയച്ച് ടെസ്റ്റ് ചെയ്ത് അവിടെനിന്നും ലഭിച്ച റിപ്പോർട്ട് അനുസരിച്ച് നടപടികൾ എടുത്തുവരുന്നു. കൂടാതെ രോഗബാധിത പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകൾ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ആവർത്തിച്ച് ക്ലോറിനേറ്റ് ചെയ്യുകയും ചെയ്തുവരുന്നു. ശേഖരിച്ചു വച്ച് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ശുദ്ധീകരണത്തിനായി ക്ലോറിൻ ഗുളികകൾ വീടുകളിൽ വിതരണം ചെയ്തുവരുന്നു.

ടൈഫോയിഡിനെക്കുറിച്ചും വയറിളക്ക രോഗങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സുകളും സ്കാഡ് പ്രവർത്തനങ്ങളും മൈക്ക് അനൗൺസ്മെന്റ്, നോട്ടീസ് വിതരണം എന്നിവയും നടത്തിവരുന്നു. സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘം ജൂൺ 12-ന് വയറിളക്ക രോഗങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങൾ സന്ദർശിക്കുകയും രോഗ പകർച്ച സാഹചര്യങ്ങളും രോഗചികിത്സാ പ്രതിരോധ പ്രവർത്തനങ്ങളും വിലയിരുത്തുകയുമുണ്ടായി.

സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടർ ജൂൺ 12-ന് ജില്ലയിലെ സർക്കാർ ഡോക്ടർമാരുടെ പ്രത്യേകയോഗം പാലക്കാട് ജില്ലയിലെ പകർച്ചവ്യാധി നിയന്ത്രണം ചികിത്സ എന്നിവയുടെ പുരോഗതി വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങളും നൽകുകയും ചെയ്യുകയുണ്ടായി.

(സി ആന്റ് ഡി) ഡോക്ടർമാരുടെ തസ്തിക താൽക്കാലികാടിസ്ഥാനത്തിൽ നികത്തിയിട്ടുണ്ട്. മറ്റ് ഒഴിവുകൾ നികത്താനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly